# PSC Driver Grade II Hdv - Ex-Servicemen Only - Ncc/ Sainik Welfare/ Driver Gade II - Hdv - Various Examination

# Previous Year Question Paper

***Exam Name:*** ***Driver Grade II Hdv - Ex-Servicemen Only - Ncc/ Sainik Welfare/ Driver Gade II - Hdv - Various***

***Date of Test : 21.06.2016***

***Question Paper Code: 081/2016***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

# 081/2016-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്ന ടീം ഏതാണ്?
   - (A) കേരള ബ്ലാസ്റ്റേഴ്സ്
   - (B) ടൈറ്റാനിയം
   - (C) ബ്ലാക്ക് ആന്റ് വൈറ്റ് കോഴിക്കോട്
   - (D) എഫ്.സി. കൊച്ചിൻ

2. 2015 ൽ ഏറ്റുമാനൂർ സോമദാസൻ പുരസ്ക്കാരം ലഭിച്ചത് :
   - (A) ഐ.വി. ശശി
   - (B) ശ്രീകുമാരൻ തമ്പി
   - (C) സുഭാഷ് ചന്ദ്രൻ
   - (D) സുഗതകുമാരി

3. ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇന്ത്യയുടെ എത്രാമത്തെ രാഷ്ട്രപതിയാണ്?
   - (A) പതിനൊന്ന്
   - (B) പത്ത്
   - (C) ഒൻപത്
   - (D) പന്ത്രണ്ട്

4. ഇന്ത്യൻ ടെന്നീസ് താരം സാനിയ മിർസയുടെ ഡബിൾസ് മത്സരത്തിലെ കൂട്ടുകാരി ആരാണ്?
   - (A) സൈന നെഹ്‌വാൾ
   - (B) പി.വി. സിന്ധു
   - (C) മാർട്ടിന ഹിംഗിസ്
   - (D) സെറീന വില്യംസ്

5. സുന്ദരികളും സുന്ദരന്മാരും, ഉമ്മാച്ചു തുടങ്ങിയ നോവലുകളെഴുതിയ സാഹിത്യകാരന്റെ ജന്മശതാബ്ദി യാണ് 2015. സാഹിത്യകാരൻ ആര്?
   - (A) തകഴി
   - (B) ബഷീർ
   - (C) കേശവദേവ്
   - (D) ഉറൂബ്

6. താഴെ പറയുന്നവരിൽ ഒരാൾ കഥാകൃത്താണ്. ആര്?
   - (A) ഒ.എൻ.വി. കുറുപ്പ്
   - (B) ടി. പത്മനാഭൻ
   - (C) സുഗതകുമാരി
   - (D) ആറ്റൂർ രവിവർമ്മ

7. ആന സംസ്ഥാന മൃഗം അല്ലാത്ത ഇന്ത്യൻ സംസ്ഥാനം :
   - (A) കേരളം
   - (B) കർണ്ണാടകം
   - (C) ആസ്സാം
   - (D) ജാർഖണ്ഡ്

8. ഒരു നെല്ലും ഒരു മീനും പദ്ധതി കേരളത്തിൽ എവിടെയാണ് നടപ്പിലാക്കിയത്?
   - (A) കുട്ടനാട്
   - (B) പൂന്തുറ
   - (C) നീണ്ടകര
   - (D) പാലക്കാട്



Join PSC WhatsApp Broadcast List : 90747 20773

9. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഏത്?
   (A) പള്ളിവാസൽ (B) ചെങ്കുളം
   (C) ഇടുക്കി (D) കുറ്റ്യാടി

10. ഇന്ത്യയുടെ ദേശീയമൃഗം ഏതാണ്?
   (A) ആന (B) സിംഹം
   (C) കടുവ (D) കണ്ടാമൃഗം

11. ഇന്ത്യാ രാജ്യത്ത് വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്ന വർഷം ഏത്?
   (A) 2006 (B) 2005
   (C) 2004 (D) 2009

12. ദേശീയഗാനമായ ജനഗണമന എത്ര സമയം കൊണ്ടാണ് പാടിത്തീരുക?
   (A) 51 സെക്കന്റ് (B) 50 സെക്കന്റ്
   (C) 52 സെക്കന്റ് (D) 1 മിനിറ്റ്

13. കേര ഗംഗ, അനന്ത ഗംഗ, ലക്ഷ ഗംഗ എന്നിവ ഏത് കാർഷിക വിളയുടെ ഇനങ്ങളാണ്?
   (A) തെങ്ങ് (B) മാവ്
   (C) മരച്ചീനി (D) കുരുമുളക്

14. അയിത്തോച്ചാടന പ്രമേയം പാസ്സാക്കിയ കോൺഗ്രസ്സ് സമ്മേളനം ഏതാണ്?
   (A) ലാഹോർ സമ്മേളനം (B) ലക്നൗ സമ്മേളനം
   (C) കൽക്കത്ത സമ്മേളനം (D) കാക്കിനാഡ സമ്മേളനം

15. അയ്യങ്കാളി രൂപീകരിച്ച സംഘം ഏതാണ്?
   (A) സാധുജനപരിപാലന സംഘം (B) മിതവാദി
   (C) അരയസമാജം (D) എസ്.എൻ.ഡി.പി.

16. ജാതിയമായ ഉച്ചനീചത്വങ്ങൾക്കെതിരായി 'ജാതിക്കുമ്മി' എന്ന കൃതി രചിച്ചത് ആര്?
   (A) എം.ആർ.ബി. (B) ടി.കെ. മാധവൻ
   (C) പണ്ഡിറ്റ് കെ.പി. കറുപ്പൻ (D) കെ. കേളപ്പൻ

17. മന്നത്ത് പത്മനാഭൻ വൈക്കത്ത് നിന്ന് തിരുവനന്തപുരത്തേക്ക് സവർണ്ണജാഥ നടത്തിയത് ഏതുമായി ബന്ധപ്പെട്ടാണ്?
   (A) വൈക്കം സത്യാഗ്രഹം (B) ഗുരുവായൂർ സത്യാഗ്രഹം
   (C) പാലിയം സത്യാഗ്രഹം (D) നിവർത്തന പ്രക്ഷോഭം



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

18. വി.ടി. ഭട്ടതിരിപ്പാടിന്റെ പ്രസിദ്ധ നാടകം ഏതാണ്?
    - (A) പാട്ടബാക്കി
    - (B) അഗ്നിസാക്ഷി
    - (C) ഭഗ്നഭവനം
    - (D) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

19. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നു പറഞ്ഞ സാമൂഹ്യപരിഷ്ക്കർത്താവ് ആര്?
    - (A) ചട്ടമ്പി സ്വാമികൾ
    - (B) സഹോദരൻ അയ്യപ്പൻ
    - (C) അയ്യങ്കാളി
    - (D) ശ്രീനാരായണ ഗുരു

20. ഒന്നേ കാൽ കോടി മലയാളികൾ എന്ന കൃതിയുടെ കർത്താവ് :
    - (A) സുകുമാർ അഴീക്കോട്
    - (B) ഇം.എം.എസ്.
    - (C) കെ.പി. കേശവമേനോൻ
    - (D) തകഴി

21. കൃഷ്ണഗിരി ക്രിക്കറ്റ് സ്റ്റേഡിയം കേരളത്തിലെ ഏതു ജില്ലയിലാണ്?
    - (A) പാലക്കാട്
    - (B) വയനാട്
    - (C) എറണാകുളം
    - (D) തിരുവനന്തപുരം

22. കേരളത്തിലെ ഏറ്റവും വലിയ കായൽ :
    - (A) അഷ്ടമുടി കായൽ
    - (B) പെരുമൺ കായൽ
    - (C) വേമ്പനാട്ടു കായൽ
    - (D) ശാസ്താംകോട്ട കായൽ

23. കുറുവ ദ്വീപ് ഏതു നദിയിലാണ്?
    - (A) ഭവാനി
    - (B) കുന്തിപ്പുഴ
    - (C) ഭാരതപ്പുഴ
    - (D) കബനി

24. ഇടുക്കി ജില്ലയിൽ പെടാത്ത വന്യജീവി സങ്കേതം :
    - (A) ഇരവികുളം
    - (B) സൈലന്റ്‌വാലി
    - (C) ചിന്നാർ
    - (D) പെരിയാർ

25. കേരളത്തിലെ ഏറ്റവും വലിയ നദി ഏത്?
    - (A) ഭാരതപ്പുഴ
    - (B) പെരിയാർ
    - (C) പമ്പ
    - (D) ചാലിയാർ

26. മലാലയോടൊപ്പം നോബൽ സമ്മാനം പങ്കിട്ട ഇന്ത്യാക്കാരൻ :
    - (A) കൈലാഷ് സത്യാർത്ഥി
    - (B) മെർലൻ ജെയിംസ്
    - (C) വില്യം സി. കാംബെൽ
    - (D) ടോമാസ് ലിൻഡാൽ



Join PSC WhatsApp Broadcast List : 90747 20773

27. ത്രിതല പഞ്ചായത്തിൽ പെടാത്തത് ഏത്?
(A) ഗ്രാമ (B) ബ്ലോക്ക്
(C) താലൂക്ക് (D) ജില്ല

28. ഇന്ത്യയിൽ നിയമനിർമ്മാണ വിഭാഗത്തിന്റെ ഭാഗമല്ലാത്തത് ഏത്?
(A) രാഷ്ട്രപതി (B) ലോകസഭ
(C) സുപ്രീംകോടതി (D) രാജ്യസഭ

29. 2015 ൽ ഇന്ദിരാഗാന്ധി ദേശീയോദ്ഗ്രഥന പുരസ്ക്കാരം നേടിയ വ്യക്തി :
(A) പി.വി. രാജഗോപാൽ (B) രാഹുൽ ദ്രാവിഡ്
(C) സഹീർ ഖാൻ (D) രവീന്ദ്ര ജെയിൻ

30. 2015 സെപ്തംബർ 28 നു വിക്ഷേപിച്ച ഇന്ത്യയുടെ ആദ്യ ബഹിരാകാശ ദൂരദർശിനിയുടെ പേര് :
(A) എഡ്യുസാറ്റ് (B) ഇൻസാറ്റ്
(C) ജിസാറ്റ് (D) ആസ്ട്രോസാറ്റ്

31. 2011 ൽ ചുമതലയേറ്റ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ ആര്?
(A) വി.എസ്. സമ്പത്ത് (B) ശശികാന്ത് ശർമ്മ
(C) കെ. ശശിധരൻ നായർ (D) എം.എസ്.കെ. രാമസ്വാമി

32. 1950 ജനുവരി 26 ന് ഇന്ത്യ റിപ്പബ്ലിക്കായതോടെ നിർത്തൽ ചെയ്ത പദവി :
(A) ഗവർണ്ണർ ജനറൽ (B) വൈസ്രോയി
(C) അറ്റോർണി ജനറൽ (D) പ്രസിഡന്റ്

33. നാട്ടുരാജ്യസംയോജനത്തിനായി രൂപീകരിച്ച സ്റ്റേറ്റ്സ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച മലയാളി ആര്?
(A) എം.കെ. മേനോൻ (B) വി.പി. മേനോൻ
(C) വി.കെ. കൃഷ്ണമേനോൻ (D) സർദാർ കെ.എം. പണിക്കർ

34. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി :
(A) ഇന്ദിരാഗാന്ധി (B) ലാൽ ബഹാദൂർ ശാസ്ത്രി
(C) ഡോ. രാജേന്ദ്ര പ്രസാദ് (D) ജവഹർലാൽ നെഹ്റു

35. 1924 ൽ പന്മന ആശ്രമത്തിൽ വച്ച് സമാധിയടഞ്ഞ നവോത്ഥാന നായകൻ ആര്?
(A) ചട്ടമ്പി സ്വാമികൾ (B) വൈകുണ്ഠ സ്വാമികൾ
(C) ശ്രീനാരായണ ഗുരു (D) അയ്യങ്കാളി



Join PSC WhatsApp Broadcast List : 90747 20773

36. ഇന്ത്യൻ ദേശീയപതാകയുടെ ഏറ്റവും മുകളിലുള്ള നിറം ഏത്?
   (A) ചുവപ്പ്
   (B) വെള്ള
   (C) പച്ച
   (D) കുങ്കുമം

37. ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖ :
   (A) ഉത്തരായനരേഖ
   (B) ദക്ഷിണായനരേഖ
   (C) ഭൂമദ്ധ്യരേഖ
   (D) ആർട്ടിക് വൃത്തം

38. ഏതു രാജ്യവുമായിട്ടാണ് ഇന്ത്യക്ക് ഏറ്റവും കൂടുതൽ കര അതിർത്തി ഉള്ളത്?
   (A) പാക്കിസ്ഥാൻ
   (B) ചൈന
   (C) നേപ്പാൾ
   (D) ബംഗ്ലാദേശ്

39. ഹിരാക്കുഡ് അണക്കെട്ട് ഏതു നദിയിലാണ്?
   (A) കൃഷ്ണ
   (B) ഗോദാവരി
   (C) മഹാനദി
   (D) കാവേരി

40. ഐക്യരാഷ്ട്രസഭ കുടുംബ കൃഷി വർഷമായി ആചരിച്ചത് :
   (A) 2015
   (B) 2012
   (C) 2010
   (D) 2014

41. ചൊവ്വാഗ്രഹത്തെ കുറിച്ചറിയാൻ ഇന്ത്യ വിക്ഷേപിച്ച കൃത്രിമ ഉപഗ്രഹം ഏത്?
   (A) ചന്ദ്രയാൻ
   (B) മംഗൾയാൻ
   (C) കാർട്ടോസാറ്റ്
   (D) മാവേൻ

42. ബ്രഹ്മസമാജ സ്ഥാപകൻ ആര്?
   (A) ദയാനന്ദസരസ്വതി
   (B) രാജാറാം മോഹൻ റോയി
   (C) വിവേകാനന്ദൻ
   (D) കേശവചന്ദ്രസെൻ

43. ദക്ഷിണാഫ്രിക്കയിൽ നിന്നും ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തിയ വർഷം ഏത്?
   (A) 1917
   (B) 1915
   (C) 1922
   (D) 1916

44. 1919 ഏപ്രിൽ 6 ന് രാജ്യവ്യാപകമായി നടന്ന ഹർത്താൽ ഏതു നിയമത്തിൽ പ്രതിഷേധിച്ചാണ്?
   (A) ഉപ്പു നിയമം
   (B) ലക്നൗ ഉടമ്പടി
   (C) ബംഗാൾ വിഭജനം
   (D) റൗലറ്റ് നിയമം



Join PSC WhatsApp Broadcast List : 90747 20773

45. ഇന്ത്യക്ക് വേണ്ടി ഭരണഘടന പരിഷ്കാരങ്ങൾ നിർദ്ദേശിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് 1927 ൽ നിയമിച്ച കമ്മീഷൻ ഏത്?
- (A) ഹണ്ടർ കമ്മീഷൻ
- (B) മണ്ഡൽ കമ്മീഷൻ
- (C) സൈമൺ കമ്മീഷൻ
- (D) ക്യാബിനറ്റ് കമ്മീഷൻ

46. ഉപ്പു സത്യാഗ്രഹം നടന്ന വർഷം :
- (A) 1942
- (B) 1919
- (C) 1917
- (D) 1930

47. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത വ്യക്തി ആര്?
- (A) ഡോ. ബി.ആർ. അംബേദ്കർ
- (B) ഗാന്ധിജി
- (C) സുഭാഷ് ചന്ദ്രബോസ്
- (D) ജവഹർലാൽ നെഹ്റു

48. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ആകാൻ സാധ്യത ഉള്ളത് :
- (A) ക്യാബിനറ്റ് സെക്രട്ടറി
- (B) ഹൈക്കോടതി ചീഫ് ജസ്റ്റീസ്
- (C) സുപ്രീംകോടതി ചീഫ് ജസ്റ്റീസായി ഇരുന്നയാൾ
- (D) ഓഡിറ്റർ ജനറൽ

49. വൈക്കം സത്യാഗ്രഹം നടന്ന വർഷം :
- (A) 1931
- (B) 1924
- (C) 1942
- (D) 1930

50. കെ. കേളപ്പന്റെ നേതൃത്വത്തിൽ കേരളത്തിൽ എവിടെ വച്ചാണ് ഉപ്പു നിയമം ലംഘിച്ചത്?
- (A) കണ്ണൂർ
- (B) പയ്യന്നൂർ
- (C) ആലപ്പുഴ
- (D) തിരുവനന്തപുരം

51. ഇൻഡ്യയുടെ ദേശീയഗാനം രചിച്ചത് ആരാണ്?
- (A) മഹാത്മാഗാന്ധി
- (B) ജവഹർലാൽ നെഹ്റു
- (C) ടാഗോർ
- (D) കുമാരനാശാൻ

52. ഏറ്റവും കൂടുതൽ തവണ മികച്ച നടനുള്ള സംസ്ഥാന അവാർഡ് നേടിയ നടൻ ആരാണ്?
- (A) മമ്മൂട്ടി
- (B) മോഹൻലാൽ
- (C) പ്രേംനസീർ
- (D) ഭരത്ഗോപി

53. ഗവി എന്ന സ്ഥലം ഏതു ജില്ലയിൽ ആണ്?
- (A) കൊല്ലം
- (B) കോട്ടയം
- (C) ഇടുക്കി
- (D) പത്തനംതിട്ട



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

54. പ്രപഞ്ചത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മൂലകം ഏത്?

(A) ഓക്സിജൻ (B) ഹൈഡ്രജൻ

(C) നൈട്രജൻ (D) ജലം

55. ശങ്കരാചാര്യർ ജനിച്ച സ്ഥലം :

(A) കാലടി (B) ആലുവ

(C) വൈക്കം (D) ഗുരുവായൂർ

56. ഇൻഡ്യയുമായി ഏറ്റവും കൂടുതൽ അതിർത്തി പങ്കിടുന്ന രാജ്യം :

(A) പാക്കിസ്ഥാൻ (B) ചൈന

(C) നേപ്പാൾ (D) ബംഗ്ലാദേശ്

57. വിവരാവകാശ നിയമം നിലവിൽ വന്ന വർഷം :

(A) 2004 (B) 2005

(C) 2006 (D) 2008

58. കേരള സർക്കാരിന്റെ ഏറ്റവും വലിയ വരുമാന മാർഗ്ഗമായ നികുതി ഏത്?

(A) തൊഴിൽ നികുതി (B) വാഹന നികുതി

(C) വില്പന നികുതി (D) കാർഷിക നികുതി

59. മലയാളിയായ ആദ്യത്തെ ഇൻഡ്യൻ രാഷ്ട്രപതി :

(A) അബ്ദുൾ കലാം ആസാദ് (B) ടി.എൻ. ശേഷൻ

(C) കെ.ആർ. നാരായണൻ (D) വി.ആർ. കൃഷ്ണയ്യർ

60. ദളിത് വിഭാഗത്തിൽ നിന്നുള്ള ആദ്യത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആരാണ്?

(A) കെ.ജി. ബാലകൃഷ്ണൻ (B) വി.വി. ഗിരി

(C) വൈ.വി. ചന്ദ്രചൂഡ് (D) കെ.ആർ. നാരായണൻ

61. കേരളത്തിൽ കൂടി കടന്നുപോകുന്ന രണ്ടു ദേശീയപാതകൾ :

(A) NH 47, NH 41 (B) NH 17, NH 41

(C) NH 47, NH 15 (D) NH 47, NH 17

62. എം.എസ്. വിശ്വനാഥൻ ആരായിരുന്നു?

(A) ശാസ്ത്രജ്ഞൻ (B) ഗാനരചയിതാവ്

(C) സംഗീതജ്ഞൻ (D) കഥകളി നടൻ



Join PSC WhatsApp Broadcast List : 90747 20773

63. കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരം ഏതു ജില്ലയിലാണ്?
(A) കാസർഗോഡ് (B) കണ്ണൂർ
(C) ആലപ്പുഴ (D) കോഴിക്കോട്

64. സർവ്വശിക്ഷാ അഭിയാൻ ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ്?
(A) മെഡിക്കൽ വിദ്യാഭ്യാസം (B) സാങ്കേതിക വിദ്യാഭ്യാസം
(C) സ്കൂൾ വിദ്യാഭ്യാസം (D) കോളേജ് വിദ്യാഭ്യാസം

65. 'പുലയരുടെ രാജാവ്' എന്ന് ഗാന്ധിജി വിശേഷിപ്പിച്ച മഹത്‌വ്യക്തി :
(A) അയ്യങ്കാളി (B) ശ്രീനാരായണഗുരു
(C) കെ. കേളപ്പൻ (D) ഡോ. പൽപ്പു

66. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഇപ്പോഴത്തെ ഗവർണ്ണർ :
(A) ഡോ. കൽദാത്തേ (B) ഡോ. മൻമോഹൻ സിംഗ്
(C) ഡോ. രഘുറാം രാജൻ (D) അരുൺ ജയ്റ്റ്ലി

67. സുവർണ്ണക്ഷേത്രം എവിടെയാണ്?
(A) ആഗ്ര (B) ഡൽഹി
(C) പാറ്റ്ന (D) അമൃത്സർ

68. ഒരിക്കലും ലോക്സഭാ അംഗമായിട്ടില്ലാത്ത പ്രധാനമന്ത്രി :
(A) വി.പി. സിംഗ് (B) മൻമോഹൻ സിംഗ്
(C) ചരൺ സിംഗ് (D) ഇന്ദിരാഗാന്ധി

69. ഇൻഡ്യയുടെ തെക്കേ അറ്റത്തെ ലോക്സഭാ മണ്ഡലം :
(A) തിരുവനന്തപുരം (B) ലക്ഷദ്വീപ്
(C) കന്യാകുമാരി (D) രാമേശ്വരം

70. കേരളത്തിൽ എത്ര ഗ്രാമപഞ്ചായത്തുകളുണ്ട്?
(A) 741 (B) 491
(C) 941 (D) 991

71. വാഹനത്തിന്റെ ബ്രേക്ക് ശ്രദ്ധയോടുകൂടി, ശരിയായി ഉപയോഗിച്ചാൽ :
(A) ഇന്ധന നഷ്ടം കുറയ്ക്കാം (B) ബ്രേക്ക് ലൈനറിന്റെ തേയ്മാനം കുറയ്ക്കാം
(C) ടയറിന്റെ തേയ്മാനം കുറയും (D) ഇവയെല്ലാം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

72. പുതിയതായി വാങ്ങുന്ന സ്വകാര്യ വാഹനത്തിന്റെ ഒറ്റത്തവണ നികുതി എത്ര വർഷത്തേക്കാണ്?

(A) 12 വർഷം (B) 5 വർഷം
(C) 15 വർഷം (D) 2 വർഷം

73. ബസ്സിന്റെ റൂട്ട് പെർമിറ്റ് നൽകുന്നത് ആരാണ്?

(A) ആർ.ടി.ഒ. (B) ആർ.ടി.എ.
(C) ഡി.റ്റി.ഒ. (D) ജില്ലാ കളക്ടർ

74. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ് സ്ഥിതിചെയ്യുന്നത്?

(A) ന്യൂഡൽഹി (B) ബോംബെ
(C) ചെന്നൈ (D) ബംഗളൂരു

75. ഒരു വാഹനം തടഞ്ഞുനിർത്തി പരിശോധിക്കാൻ അധികാരമുള്ള യൂണിഫോം ഇല്ലാത്ത ഉദ്യോഗസ്ഥൻ ആരാണ്?

(A) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (B) തഹസീൽദാർ
(C) സെയിൽസ് ടാക്സ് ഓഫീസർ (D) ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ

76. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ സ്ഥിരം പെർമിറ്റിന്റെ കാലാവധി :

(A) 2 വർഷം (B) 6 വർഷം
(C) 5 വർഷം (D) 3 വർഷം

77. കെട്ടി വലിക്കുന്നതും വലിക്കപ്പെടുന്നതുമായ വാഹനങ്ങൾ തമ്മിൽ ഏറ്റവും കൂടിയ ദൂരം എത്ര?

(A) 5 മീറ്റർ (B) 10 മീറ്റർ
(C) 15 മീറ്റർ (D) 4 മീറ്റർ

78. വാഹനം ഓട്ടത്തിനിടയിൽ ഓവർഹീറ്റ് ആവുകയും ആംപിയർ മീറ്റർ പ്രവർത്തിക്കാതെ വരുകയും ചെയ്താൽ എന്തു മനസ്സിലാക്കാം?

(A) റേഡിയേറ്റർ ലീക്കാണ് (B) ഫാൻ ബെൽറ്റ് തകരാർ
(C) വാട്ടർ പമ്പിന് തകരാർ (D) എഞ്ചിൻ ഓയിൽ കുറവ്

79. കാവൽക്കാരനില്ലാത്ത ലവൽ ക്രോസ്സിൽ വാഹനം ഓടിച്ചു ചെല്ലുമ്പോൾ എന്താണ് ചെയ്യേണ്ടത്?

(A) ട്രെയിൻ വരുന്നതുവരെ കാത്തിരിക്കുക
(B) ദൂരെ ട്രെയിൻ വരുന്നതു കണ്ടാൽ പെട്ടന്ന് വാഹനം ഓടിച്ചു പോകുക
(C) വാഹനത്തിൽ ഇരുന്നുകൊണ്ട് ശ്രദ്ധിച്ച് ഓടിച്ചു പോകണം
(D) വാഹനം നിർത്തി, ഇരുവശവും നോക്കി, ട്രെയിൻ വരുന്നില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം കടന്നു പോകണം



Join PSC WhatsApp Broadcast List : 90747 20773

80. മിക്ക വാഹനത്തിന്റേയും എഞ്ചിൻ വാഹനത്തിന്റെ മുൻഭാഗത്ത് ഘടിപ്പിച്ചിരിക്കുന്നത് എന്തിനാണ്?
   (A) വാഹനത്തിന്റെ വെയ്റ്റ് ബാലൻസ് ചെയ്യാൻ
   (B) പെട്ടന്നുള്ള പരിശോധനയ്ക്ക്
   (C) എഞ്ചിന്റെ ശബ്ദം ഡ്രൈവർക്ക് കേൾക്കാൻ
   (D) ഗിയർ മാറ്റുന്നതിനുള്ള സൗകര്യത്തിന്

81. ബ്രേക്കിന്റെ പെഡലിൽ റബ്ബർ ഘടിപ്പിച്ചിരിക്കുന്നത് എന്തിനാണ്?
   (A) പെഡൽ തുരുമ്പെടുക്കാതിരിക്കാൻ
   (B) ബ്രേക്കിന്റെ കാര്യക്ഷമത കൂട്ടാൻ
   (C) കാൽ വഴുതിപ്പോകാതിരിക്കാൻ
   (D) കാലിന്റെ ആയാസം കുറയ്ക്കാൻ

82. ഒരു ഹെവി വാഹനത്തിൽ ഉപയോഗിക്കുന്ന ബാറ്ററി എത്ര വോൾട്ടാണ്?
   (A) 24 വോൾട്ട്
   (B) 12 വോൾട്ട്
   (C) 6 വോൾട്ട്
   (D) 18 വോൾട്ട്

83. ഒന്നാം ഗിയർ ഉപയോഗിക്കുന്നത് എപ്പോൾ?
   (A) വാഹനം ബ്രേക്ക് ചെയ്യുന്നതിനുമുമ്പ്
   (B) വാഹനം നിശ്ചലാവസ്ഥയിൽ നിന്ന് മുന്നോട്ട് പോകുവാൻ
   (C) വാഹനം ഇറക്കം ഇറങ്ങാൻ തുടങ്ങുമ്പോൾ
   (D) സാധാരണഗതിയിൽ ഉപയോഗിക്കേണ്ട ആവശ്യമില്ല

84. എഞ്ചിൻ ഓയിൽ ലെവൽ ഏതു വരെയാണ്?
   (A) ഡിപ്സ്റ്റിക്കിന്റെ മുകളിലത്തെ വരയ്ക്കു മുകളിൽ
   (B) ഡിപ്സ്റ്റിക് മുങ്ങി കിടക്കാൻ പാകത്തിൽ
   (C) ഡിപ്സ്റ്റിക്കിന്റെ താഴത്തെയും മുകളിലത്തെയും വരകൾക്കിടയിൽ
   (D) ഡിപ്സ്റ്റിക്കിന്റെ താഴത്തെ വരക്ക് താഴെ

85. പവർ സ്റ്റീയറിങ്ങ് എന്നാലെന്താണ്?
   (A) വില കൂടിയ സ്റ്റിയറിങ്ങ്
   (B) നല്ല പവറുള്ള സ്റ്റിയറിങ്ങ്
   (C) വട്ടം കുറഞ്ഞ സ്റ്റിയറിങ്ങ്
   (D) വൈദ്യുതമോട്ടോറിന്റെയോ ഹൈഡ്രോളിക് പമ്പിന്റേയോ സഹായത്താൽ പ്രവർത്തിക്കുന്നത്

86. ഇൻഡ്യയിൽ ഓടുന്ന ബസ്സുകളുടെ എഞ്ചിനിൽ എത്ര സിലിണ്ടറുകൾ ഉണ്ട്?
   (A) 6
   (B) 2
   (C) 4
   (D) 8



Join PSC WhatsApp Broadcast List : 90747 20773

87. പാചക വാതകം കൊണ്ടുപോകുന്ന വാഹനം അപകടത്തിൽ പെട്ട് മറിഞ്ഞു കിടക്കുന്നതു കണ്ടാൽ എന്തു ചെയ്യണം?

(A) രക്ഷാപ്രവർത്തനം നടത്തണം
(B) പോലീസിൽ അറിയിക്കണം
(C) ഫയർ സ്റ്റേഷനിൽ അറിയിക്കണം
(D) ഇവയെല്ലാം ചെയ്യണം

88. സാധാരണയായി ഉപയോഗിക്കാൻ പാടില്ലാത്ത തരം ഹോൺ :

(A) ഇലക്ട്രിക് ഹോൺ
(B) ഇലക്ട്രോണിക് ഹോൺ
(C) എയർ ഹോൺ
(D) ബൾബ് ഹോൺ

89. രാത്രിയിൽ എതിരേ വരുന്ന വാഹനം ലൈറ്റ് ഡിം ചെയ്യില്ലെങ്കിൽ :

(A) നിങ്ങളുടെ ലൈറ്റ് ഡിം ചെയ്യാതിരിക്കുക
(B) ഡിം ചെയ്യ് തുടർച്ചയായി ഹോൺ അടിക്കുക
(C) വാഹനം നിർത്തിയിടുക
(D) ബ്രൈറ്റ് ലൈറ്റ് തുടർച്ചയായി കത്തിക്കുക

90. വാഹന ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി :

(A) 6 മാസം
(B) രണ്ടു വർഷം
(C) ഒരു വർഷം
(D) 3 മാസം

91. വാഹനങ്ങളുടെ അധിക സ്പീഡ് കണ്ടെത്താനായി അധികാരികൾ ഉപയോഗിക്കുന്ന ഉപകരണം ഏത്?

(A) സ്പീഡ് ഗവർണർ
(B) റഡാർ
(C) അൽക്കോമീറ്റർ
(D) ടാക്കോമീറ്റർ

92. ഒരു വാഹനത്തിന്റെ നിലവിലുള്ള രജിസ്റ്റർ നമ്പർ മാറ്റുന്നത് എപ്പോൾ?

(A) സംസ്ഥാനം മാറുമ്പോൾ
(B) ജില്ല മാറുമ്പോൾ
(C) രജിസ്ട്രേഷൻ പുതുക്കുമ്പോൾ
(D) ട്രാൻസ്പോർട്ട് വാഹനം പ്രൈവറ്റ് ആക്കുമ്പോൾ

93. കാലാവധി കഴിഞ്ഞ ഡ്രൈവിംഗ് ലൈസൻസ് റദ്ദായി പോകാതിരിക്കാൻ എത്ര വർഷത്തിനകം പുതുക്കണം?

(A) 10 വർഷം
(B) 5 വർഷം
(C) 1 വർഷം
(D) 3 വർഷം



Join PSC WhatsApp Broadcast List : 90747 20773

94. സർക്കാർ വാഹനം ഓടിക്കുന്ന ഡ്രൈവർ വാഹനത്തിൽ എഴുതി സൂക്ഷിക്കേണ്ട പ്രമാണം :
(A) ജി.സി.ആർ.
(B) കംപ്ലയിന്റ് ബുക്ക്
(C) ട്രിപ്പ് ഷീറ്റ്
(D) ലോഗ് ബുക്ക്

95. താഴെപ്പറയുന്നവയിൽ ഏതു വാഹനത്തിനാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണ്ടത്?
(A) ഓട്ടോറിക്ഷ
(B) മോട്ടോർ കാർ
(C) പവ്വർ ടില്ലർ
(D) ത്രീവീലർ

96. കെ.എസ്.ആർ.ടി.സി. നിലവിൽ വന്ന വർഷം :
(A) 1968
(B) 1964
(C) 1965
(D) 1956

97. ഒരു ട്രാക്ടറിൽ കയറ്റിക്കൊണ്ടു പോകാവുന്നവർ എത്ര?
(A) രണ്ടു പേർ
(B) ഡ്രൈവർ മാത്രം
(C) ഡ്രൈവറെ കൂടാതെ രണ്ടു പേർ
(D) ഡ്രൈവറെ കൂടാതെ മൂന്നു പേർ

98. മോട്ടോർ വാഹന നിയമം സെക്ഷൻ 185 പ്രകാരം ഒരു ഡ്രൈവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നത് :
(A) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനം ഓടിക്കുമ്പോൾ
(B) മദ്യപിച്ച് വാഹനം ഓടിക്കുമ്പോൾ
(C) അമിത ഭാരം കയറ്റുമ്പോൾ
(D) അമിതവേഗത്തിൽ വാഹനം ഓടിക്കുമ്പോൾ

99. വാഹനത്തിന്റെ ഡൈനാമോയുടെ ഉപയോഗം എന്ത്?
(A) ലൈറ്റുകൾ തെളിയിക്കാൻ
(B) ബാറ്ററിക്കു പകരം
(C) ബാറ്ററി ചാർജ്ജു ചെയ്യാൻ
(D) ഹോൺ മുഴക്കുന്നതിന്

100. വാഹനത്തിന്റെ നികുതി അടയ്ക്കുവാൻ നിർബന്ധമായും വേണ്ടത് എന്താണ്?
(A) ലൈഫ് ഇൻഷ്വറൻസ്
(B) തേർഡ് പാർട്ടി ഇൻഷ്വറൻസ്
(C) വാഹന ഉടമയുടെ ഡ്രൈവിംഗ് ലൈസൻസ്
(D) ജനന സർട്ടിഫിക്കറ്റ്



Join PSC WhatsApp Broadcast List : 90747 20773